**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 271** **26-10-2021 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികളുടെ സുരക്ഷിത യാത്ര**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീമതി കെ.കെ.രമ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡ് പശ്ചാത്തലത്തിൽ സ്കൂൾ വാഹനങ്ങളിൽ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പുവരുത്താൻ ഗതാഗത വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കോവിഡ് വ്യാപനം തടഞ്ഞ്, സ്കൂൾ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ഗതാഗത സംവിധാനങ്ങളിൽ വിദ്യാർത്ഥികളും അദ്ധ്യാപകരും ബസ് ജീവനക്കാരും രക്ഷാകർത്താക്കളും സ്കൂൾ അധികൃതരും പാലിക്കേണ്ട പെരുമാറ്റ രീതികൾ സംബന്ധിച്ച് വിശദമായ നിർദ്ദേശങ്ങളടങ്ങിയ “Students Transportation Protocol” മോട്ടോർ വാഹന വകുപ്പ് സ്കൂൾ അധികൃതർക്ക് നൽകിയിട്ടുണ്ട്. |
| (ബി) | സ്കൂൾ വാഹനങ്ങളിൽ സാമൂഹിക അകലവും തെർമൽ സ്കാനർ, സാനിറ്റൈസർ തുടങ്ങിയവയും ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ബസിനുള്ളിൽ തെർമൽ സ്കാനർ, സാനിറ്റൈസർ എന്നിവ ഉണ്ടായിരിക്കണമെന്നും ബസിൽ പ്രവേശിക്കുന്ന കുട്ടിയുടെ ടെമ്പറേച്ചർ തെർമൽ സ്കാനർ ഉപയോഗിച്ച് പരിശോധിക്കുകയും ഹാൻഡ് സാനിറ്റൈസർ ഉപയോഗിച്ച് കൈകൾ അണുവിമുക്തമാക്കുകയും ചെയ്തതിന് ശേഷം മാത്രമേ ബസിൽ പ്രവേശിപ്പിക്കാവൂ എന്നും, ഇതിനായി ഓരോ വാഹനത്തിലും ഒരു തെർമൽ സ്കാനറും ഒരു ലിറ്റർ കപ്പാസിറ്റിയുള്ള ഹാന്റ് സാനിറ്റൈസർ ബോട്ടിലും സൂക്ഷിക്കണം എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഒരു വർഷത്തോളം പ്രവർത്തിക്കാതിരുന്ന സ്കൂൾ വാഹനങ്ങളുടെ ഫിറ്റ്നസ് ഉറപ്പുവരുത്താൻ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ദീർഘകാലമായി ഉപയോഗിക്കാതെ നിർത്തിയിട്ടിരിക്കുന്ന സ്കൂൾ വാഹനങ്ങളുടെ റിപ്പയർ വർക്കുകൾ നടത്തി ആവശ്യമായ സുരക്ഷാ പരിശോധനയും ഫിറ്റ്നസ് പരിശോധനയും പൂർത്തിയാക്കി ട്രയൽ റൺ നടത്തിയതിനു ശേഷമേ കുട്ടികളെ കൊണ്ടു വരാൻ ഉപയോഗിക്കാവൂ എന്ന നിർദ്ദേശം സ്കൂൾ അധികൃതകർക്ക് നൽകിയിട്ടുണ്ട്. സ്കൂൾ കുട്ടികളെകൊണ്ടു പോകുന്ന ടാക്സി/ കോൺട്രാക്ട് കാര്യേജ് വാഹനങ്ങളുടെ പരിശോധന ഒക്ടോബർ 20-ാം തീയതിയ്ക്കകം പൂർത്തിയാക്കുന്നതിന് എല്ലാ ആർ.ടി.ഒ./ജോയിന്റ് ആർ.ടി.ഒ. മാർക്കും |

| | | | |
|---|---|---|---|
| | | | നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ താലൂക്കിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ സന്ദർശിച്ച് സ്കൂൾ വാഹനങ്ങളുടെ യാന്ത്രിക ക്ഷമത പരിശോധിക്കുന്നതിനും കുട്ടികളുടെ യാത്രയുമായി ബന്ധപ്പെട്ട ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂൾ വാഹന ഡ്രൈവർമാർക്കും അറ്റൻഡർമാർക്കും സുരക്ഷാ ഉദ്യോഗസ്ഥരായി നിയോഗിച്ചിട്ടുള്ള അദ്ധ്യാപകർക്കും സ്കൂൾ കുട്ടികളെ കൊണ്ടു വരുന്ന മറ്റു വാഹനങ്ങളിലെ ഡ്രൈവർമാർക്കും ഓൺലൈൻ പരിശീലനം മോട്ടോർ വാഹന വകുപ്പ് ലഭ്യമാക്കുന്നതാണ്. |
| (ഡി) | സ്കൂൾ വാഹനങ്ങളിലെ ഡ്രൈവർമാർ, ബസ് അറ്റൻഡർമാർ തുടങ്ങിയ ജീവനക്കാർ സ്വീകരിക്കേണ്ട നടപടികൾ നിഷ്കർഷിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ? | (ഡി) | ഡോർ അറ്റന്റർ, തെർമൽ സ്കാനർ ഉപയോഗിച്ച് ബസിൽ പ്രവേശിക്കുന്ന കുട്ടിയുടെ താപനില പരിശോധിക്കുകയും സാനിറ്റൈസർ ഉപയോഗിച്ച് കൈകൾ അണുവിമുക്തമാക്കുകയും ചെയ്തതിനു ശേഷം മാത്രമേ വിദ്യാർത്ഥികളെ ബസിൽ പ്രവേശിപ്പിക്കാൻ പാടുള്ളൂ. എല്ലാ വിദ്യാർത്ഥികളും സാമൂഹ്യ അകലം പാലിക്കുന്നുണ്ടെന്നും N95/ഡബിൾ മാസ്ക് ധരിച്ചിട്ടുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്. എല്ലാ ദിവസവും വാഹനം യാത്ര അവസാനിപ്പിക്കുന്ന സമയത്ത് അണുനാശിനിയോ സോപ്പ് ലായനിയോ ഉപയോഗിച്ച് കഴുകി വൃത്തിയാക്കണം. ഡ്രൈവർമാർ വാഹനത്തിന്റെ യാന്ത്രിക ക്ഷമത പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. വാഹനങ്ങളിൽ സഞ്ചരിക്കുന്ന കുട്ടികളുടെ പേരു മുതലായ വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണ്. എല്ലാ വാഹനങ്ങളിലും പരാതി രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. യാതൊരു കാരണവശാലും അറ്റന്റർമാർ വാഹനം ഓടിക്കുന്നത് അനുവദിക്കുന്നതല്ല. സ്കൂൾ വാഹനങ്ങൾ സംബന്ധിച്ച് കാലാകാലങ്ങളിൽ നല്കിയിട്ടുള്ള സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് സ്കൂൾ അധികൃതർ ഉറപ്പു വരുത്തേണ്ടതാണ്. |

സെക്ഷൻ ഓഫീസർ